**അറിയിപ്പ്**

മി. സ്പീക്കർ : സാന്ദർഭികമായി സഭയെ ഒരു കാര്യം അറിയിക്കുകയാണ്. നിയമസഭ പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി നിയമസഭാ സമുച്ചയത്തിൽ ഹരിത നിയമാവലി നടപ്പിലാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഊർജ്ജിതമായി സ്വീകരിച്ചുവരുന്നുണ്ട്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യുന്നതിനുമുള്ള നടപടികൾ ശുചിത്വമിഷന്റെ നിർദ്ദേശപ്രകാരം സ്വീകരിച്ചുകൊണ്ടിരിക്കുന്നു. മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ രാജ്യത്തിനാകെ മാതൃകയാകത്തക്കവിധം പരിസ്ഥിതി സൗഹൃദ നിയമസഭ എന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ബയോപാർക്ക് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിവരികയാണ്. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരം തുണിസഞ്ചികളുടെ ഉപയോഗം വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്ന വിവരവും സഭയെ അറിയിക്കുന്നു. ഇതിന്റെ ഔപചാരികമായ വിതരണ ഉദ്ഘാടനം സഭാ സമ്മേളനം പിരിഞ്ഞതിനുശേഷം സ്പീക്കറുടെ ചേംബറിൽ വെച്ച് ഇന്ന് ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ സാന്നിദ്ധ്യത്തിൽ നിർവ്വഹിക്കുന്നുണ്ട്. നിയമസഭാ സാമാജികർക്കുള്ള തുണിസഞ്ചി അവരവരുടെ മുറികളിൽ എത്തിക്കുന്നതാണ്.